## പതിമൂന്നാം കേരള നിയമസഭ
## ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2303 — 1.4.2013-ലെ മറുപടിക്ക്

### പബ് ളിക് ഹെൽത്ത് ലാബോറട്ടറികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിപ്പോൾ പബ്ളിക് ഹെൽത്ത് ലാബോറട്ടറികൾ എവിടെ യെല്ലാമാണ് പ്രവർത്തിച്ചു വരുന്നത്; | എ) | സംസ്ഥാനത്ത് 6 പബ്ളിക് ഹെൽത്ത് & ക്ലിനിക്കൽ ലാബോറട്ടറികൾ പ്രവർത്തിച്ചു വരുന്നു<br>1) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്. തിരുവനന്തപുരം<br>2) റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് , കോഴിക്കോട്,<br>3) റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് , എറണാകുളം,<br>4) റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് , കണ്ണൂർ<br>5) ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്. ആലപ്പുഴ<br>6) ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്. കൊല്ലം |
| ബി) ഇവ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ; | ബി) | സർക്കാർ അനുമതി നൽകുകയും ആവശ്യമായ ഫണ്ട്, സ്റ്റാഫ് ആവശ്യമായ മറ്റു ഘടകങ്ങളും അനുവദിക്കുന്നതിനനുസരിച്ച് പുതിയ ലാബുകൾ സ്ഥാപിക്കാവുന്നതാണ്. |
| സി) കൂടുതൽ ജനസംഖ്യയും രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവും കണക്കിലെടുത്ത് മലപ്പുറം കേന്ദ്രമാക്കി ഒരു റീജിയണൽ പബ്ളിക് ഹെൽത്ത് ലാബോറട്ടറി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; | സി) | മലപ്പുറത്ത് ജില്ലാ പബ്ലിക് ഹെൽത്ത് ലാബ്, ആരംഭിക്കുന്നതിനായി സ.ഉ (സാധാ)നം.3751/12/ആകുവ തീയതി 15/11/2012 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ഡി) എങ്കിൽ ഇതിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ? | ഡി) | പ്രൊപ്പോസൽ സർക്കാറിൽ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ